**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5270** **21-03-2025 - ൽ മറുപടിയ്ക്ക്**

**കോഴ്സുകളുടെ സിലബസ് വ്യത്യാസം വരുത്തിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ്, ശ്രീ. സി. ആർ. മഹേഷ്, ശ്രീ. ടി. ജെ. വിനോദ്** | | **ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കേരള സർവകലാശാലയിൽ നാലുവർഷ ബിരുദത്തിന്റെ രണ്ടാം സെമസ്റ്റർ പകുതിയായപ്പോൾ മൂന്ന് കോഴ്സുകളുടെ സിലബസ് വ്യത്യാസം വരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ സിലബസുകളിൽ അതത് പഠന ബോർഡുകൾ ശിപാർശ ചെയ്ത പരിഷ്കരണങ്ങൾ സർവകലാശാല ഉത്തരവുകളോടെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുകയും കോളേജുകളെ അറിയിക്കുകയും ചെയ്തിരുന്നു. |
| (ബി) | സെമസ്റ്റർ തുടങ്ങിയതിനുശേഷം സിലബസിൽ മാറ്റം വരുത്തിയതിനിടയാക്കിയ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; ഇപ്രകാരം മാറ്റം വരുത്തിയത് മൂലം കുട്ടികളും അധ്യാപകരും ആശയക്കുഴപ്പത്തിൽ ആയിട്ടുള്ളത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | നാല് വർഷ ബിരുദ പ്രോഗ്രാമുകളുടെ സിലബസുകളിൽ Program Outcome (PO) - Course Outcome (CO) mapping പ്രകാരം cognitive levels മാറ്റുന്നതിനു വേണ്ടിയാണ് പരിഷ്കരണം നടത്തിയത്. |
| (സി) | സിലബസ് പരിഷ്കരണത്തിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | സിലബസ് പരിഷ്കരിക്കുന്നതിന് അതത് പഠന ബോർഡുകളാണ് ശിപാർശ ചെയ്തത്. |
| (ഡി) | പ്രസ്തുത സിലബസ് പരിഷ്കരണം നടത്തിയത് സംബന്ധിച്ച് സർവകലാശാല റിപ്പോർട്ട് തേടിയിട്ടുണ്ടോ; ഇക്കാര്യത്തിൽ ആർക്കെങ്കിലും വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്നറിയിക്കുമോ; വിശദമാക്കുമോ; വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും ആശങ്ക പരിഹരിക്കുന്നതിന് എന്ത് തുടർനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | ഇല്ല. ഈ വിഷയത്തിൽ നിലവിൽ ആശങ്കകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ